## വൈക്കത്ത് ഒരു ഫയർ സ്റ്റേഷൻ

1732 [2609] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കത്ത് ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് മുമ്പ് പ്രഖ്യാപിച്ചിരുന്നത് നടപ്പിലാക്കിയോ;

(ബി) ഇല്ലെങ്കിൽ അവിടെ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നില്ല.

(ബി) സാമ്പത്തിക പരിമിതി മൂലം തൽക്കാലം ഇക്കാര്യം പരിഗണിക്കുവാൻ നിവൃത്തിയില്ല.

## പത്തനംതിട്ട ജില്ലയിൽ ഫയർ സ്റ്റേഷൻ

1733 [2610] ശ്രീമതി റേച്ചൽ സണ്ണി പനവേലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം ജില്ലാ തലസ്ഥാനങ്ങളിലാണ് ഫയർ സ്റ്റേഷൻ അനുവദിക്കുവാൻ ബാക്കിയുള്ളത്;

(ബി) പത്തനംതിട്ട ജില്ലയിൽ ഒരു ഫയർ സ്റ്റേഷൻ ഇല്ലാത്തതിനെ പ്രയാസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പത്തനംതിട്ടയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

### ഉത്തരം

(എ) പത്തനംതിട്ട ജില്ല.

(ബി) ഉണ്ട്.

(സി) അടുത്തവർഷം പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിൽ ഒരു ഫയർ സ്റ്റേഷൻ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്.

## മതിലിടിഞ്ഞുവീണ് മരണപ്പെട്ടവരുടെ ആശ്രിതർക്കും ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്നവർക്കും ആശ്വാസനടപടി

1734 [2616] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഈയിടെ മതിലിടിഞ്ഞുവീണ് മരണപ്പെട്ടവരുടെ ആശ്രിതർക്കും ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്നവർക്കും എന്തെല്ലാം അടിയന്തിരാശ്വാസ നടപടികളാണ് എത്തിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവർക്ക് അടിയന്തിരാശ്വാസ നടപടികളും എത്തിക്കുന്നതിനും സത്വരനടപടികളും സ്വീകരിക്കുന്നകാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) മതിലിടിഞ്ഞുവീണു മരണമടഞ്ഞ കുട്ടികളുടെ (അനിൽ കുമാർ, അനിതാകുമാരി, ബിന്ദുമോൾ) പിതാവ് ശ്രീ. മണിയൻപിള്ളക്ക് പതിനായിരം രൂപ സഹായധനമായി നൽകുകയുണ്ടായി. അപകടത്തിൽ പരിക്കു പറ്റിയ ശ്രീമതിമാർ ചന്ദ്രിക, ഗീത, രാജമ്മ എന്നിവർക്ക് ആയിരം രൂപ വീതം അനുവദിക്കുകയുണ്ടായി. കൂടാതെ, വീടുകൾക്ക് നാശനഷ്ടം സംഭവിച്ച ശ്രീമാൻമാർ കാർത്തൽ, ചെല്ലപ്പൻ എന്നിവർക്ക് ആയിരത്തി അഞ്ഞൂറുരൂപ വീതവും അനുവദിച്ചു. ഇങ്ങനെ മൊത്തം 16,000 രൂപ മരണമടഞ്ഞവരുടെ ആശ്രിതർക്കും, പരിക്കുപറ്റി ചികിൽസയിൽ കഴിയുന്നവർക്കും, വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്കുമായി അനുവദിക്കുകയുണ്ടായി.

(ബി) അടിയന്തിര ആശ്വാസം നൽകിക്കഴിഞ്ഞു.

സബ് കോടതികൾ

1735. [2617] ശ്രീ. റ്റി. വി. വിജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര സബ് കോടതികൾ അനുവദിച്ചിട്ടുണ്ട്; എവിടെയെല്ലാം;

(ബി) കരുനാഗപ്പള്ളിയിൽ സബ് കോടതി അനുവദിച്ചിട്ടും എന്ത് കാരണത്താലാണ് ഇതുവരെ തുടങ്ങാത്തത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആറ് സബ് കോടതികൾ. സുൽത്താൻബത്തേരി, ചേർത്തല, കൊല്ലം, പറവൂർ, തൃശ്ശൂർ, ആറന്മുള.

(ബി) കരുനാഗപ്പള്ളിയിൽ സബ് കോടതി അനുവദിച്ചിട്ടില്ല.

ജയിൽ ചാടിയവർ

1736 [2618] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982 മേയ് 24-ാം തീയതിക്കുശേഷം സംസ്ഥാനത്തുള്ള ജയിലുകളിൽനിന്ന് ആരെങ്കിലും ജയിൽ ചാടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേർ ജയിൽ ചാടിയിട്ടുണ്ടെന്നും ഏതു ജയിലുകളിൽ നിന്നെന്നും വ്യക്തമാക്കുമോ;

(സി) 1982 മേയ് മാസം 24-നു ശേഷം സബ് ജയിലുകളിൽ വച്ച് ആരെങ്കിലും മരണപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്രപേർ; ഏതു ജയിലുകളിൽ;

(ഇ) മരണപ്പെട്ടവരുടെ പേരുവിവരം വ്യക്തമാക്കാമോ;

(എഫ്) പതിനാലുകൊല്ലം കഴിഞ്ഞിട്ടും, ഇപ്പോഴും ജയിലിൽ കഴിയുന്ന എത്ര തടവുകാർ സംസ്ഥാനത്ത് ഉണ്ടെന്ന് പറയാമോ?



LIBRARY ARCHIVES Kerala Legislative Assembly